കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# പത്തനാപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

e-mail:doklm.ksad@kerala.gov.in

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)**

നം.കെ.എസ്.എ.കെ.എൽ.എം.പി-9/1708/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി-11.12.2018

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് / സെക്രട്ടറി മുഖേന

പത്തനാപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പത്തനാപുരം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1, 2-2, ഖണ്ഡികയിലേയ്ക്കും ഭാഗം3-ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടിസ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ്

പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-കെ.എൽ.എം/പി-9-1708/18 തീയതി:11.12.2018

**<u>കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ</u>**

**<u>2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>**

**<u>ഓഡിറ്റ് റിപ്പോർട്ട്.</u>**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.06.2017 മുതൽ 31.08.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ-ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യുറോയി .കെ.പി.<br>ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.9.2018മുതൽ 25.9.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മണിലാൽ.വി<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | അജ്മൽ.എ.എസ്<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ചന്ദ്രപ്രകാശ്.സി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജയകുമാരിഅമ്മ.ജി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രാകേഷ്.എം, ഓഡിറ്റർ |

<u>(ബി) നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.നജീം മുഹമ്മദ്.എച്ച് | 1.4.17മുതൽ.31.3.18 വരെ |
| സെക്രട്ടറി | ശ്രീ.എം.വിജയൻ | 1.4.17മുതൽ.31.3.18 വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി.കെ.ജി.ലീനാകുമാരി | 1.4.17മുതൽ.31.3.18 വരെ |
| അസി.എൻജിനീയർ | ശ്രീമതി.രശ്മി.പി.നായർ | 1.4.17മുതൽ31.3.18വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.പ്രഭാകാന്തി<br>ശ്രീമതി.അല്ലി.എസ്<br>ശ്രീമതി.സന്ധ്യ.ഒ | 1.4.17മുതൽ31.7.17 വരെ<br>1.8.17മുതൽ8.3.18വരെ<br>9.3.18മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.വികാസ് | 1.4.17മുതൽ31.3.18വരെ |
| വി.ഇ.ഒ.പത്തനാപുരം | ശ്രീ.സന്തോഷ് ജോസഫ്<br>ശ്രീ.എസ്.സുരേഷ് കുമാർ | 1.4.17മുതൽ15.7.2017 വരെ<br>16.7.17മുതൽ31.3.18വരെ |
| വി.ഇ.ഒ. മാങ്കോട് | ശ്രീമതി.സ്വപ്ന.ഡി<br>ശ്രീ.എസ്.സുരേഷ് കുമാർ | 1.4.17മുതൽ14.12.17 വരെ<br>15.12.17മുതൽ31.3.18വരെ |
| വെറ്റിനറി സർജൻ | ഡോ.ഉമ്മൻ.പി.രാജ് | 1.4.17മുതൽ31.3.18വരെ |
| അഗ്രികൾച്ചർ ഓഫീസർ | ശ്രീ.ബി.വേണുഗോപാൽ<br>ശ്രീമതി.സരള .പി.ബി | 1.4.17മുതൽ18.7.17<br>വരെ<br>19.7.17മുതൽ 31.3.18<br>വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.ജസ്സിയമ്മ | 1.4.17മുതൽ31.3.18വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.മുഹമ്മദ് ഷഫീക്ക് | 1.4.17മുതൽ.31.3.18 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | **വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**<br>ഫണ്ട് വിനിയോഗം -നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം വലിയ തോതിൽ നഷ്ടപ്പെടുന്നു. | 2-1 |
| 14 | ഇ-ടെണ്ടർ ഫീ ലഭിച്ചത് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല. | 2-2 |
| 15 | വാടക ഈടാക്കാൻ അവശേഷിക്കുന്നു. | 2-3 |
| | ഭാഗം 3 | |
| 16 | **ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | 3-1 |

| | | |
|---|---|---|
| | മുചക്ര വാഹനം ,ബ്ലോക്ക് വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഇല്ല. | |
| 17 | PMAY-ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ഇല്ല. | 3-2 |
| 18 | ആയുർവേദആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 3-3 |
| 19 | നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്ക് കറൻറ് ചാർജ്ജ് നൽകുന്നു | 3-4 |
| 20 | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ(പ്രോജക്ട് നം.144/18)-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 3-5 |
| 21 | തെരുവുവിളക്ക് മെയിന്റനൻസ്-പുതിയത് സ്ഥാപിക്കൽ,സാധനസാമഗ്രികൾ വാങ്ങൽ-രേഖകൾ ഹാജരാക്കിയില്ല. | 3-6 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു. | 3-7 |
| 23 | പാലിന് സബ്സിഡി-ആധികാരിക രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-8 |
| 24 | മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ-മരുന്നു പൂർണ്ണമായും ലഭിച്ചിട്ടില്ല. | 3-9 |
| 25 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-<br>ലാബുപകരണങ്ങളും മരുന്നുകളും പൂർണ്ണമായും ലഭിച്ചിട്ടില്ല. | 3-10 |
| 26 | കറവപ്പശുവളർത്തൽ പദ്ധതി-അവശ്യരേഖകൾ ഹാജരാക്കിയിട്ടില്ല. | 3-11 |
| 27 | പട്ടികജാതി ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണഭിത്തി നിർമ്മാണം-<br>മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല. | 3-12 |
| 28 | തൊഴിലുറപ്പപദ്ധതി - അവലോകനം | 3-13 |
| 29 | സമഗ്ര പച്ചക്കറി കൃഷി വികസനം - പച്ചക്കറിതൈകൾ വിതരണം നൽകിയതിന് രേഖകളില്ല. | 3-14 |
| 30 | മഴക്കാല പൂർവ്വ ശുചീകരണം ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - ചെലവ് തുക 1,50,000/-രൂപ തടസ്സപ്പെടുത്തുന്നു | 3-15 |
| 31 | കുടിവെള്ളക്കരമിനത്തിൽ 33,884/- രൂപ കുടിശ്ശികയും 569/- രൂപ<br>പലിശയിനത്തിലും അടവാക്കാൻ ശേഷിക്കുന്നു. | 3-16 |
| 32 | പാലിയേറ്റീവ് കെയർ – മരുന്നും ഉപകരണങ്ങളും ലഭിച്ചതിന്റെ രേഖകൾ<br>ഹാജരാക്കിയിട്ടില്ല. | 3-17 |
| 33 | രേഖകൽ ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-18 |
| 34 | മാലിന്യ സംസ്കരണത്തിന് മാതൃകയാകേണ്ട പദ്ധതി ഉപേക്ഷിച്ച നിലയിൽ,<br>സാനിട്ടേഷൻ സൊസൈറ്റി ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ ശിശുമന്ദിരത്തിന്<br>മുകളിൽ . | 3-19 |
| | **ഭാഗം 4** | |
| 35 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 38 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 39 | സ്ഥിര നിക്ഷേപം | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 42 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 43 | ഓഡിറ്റ്-പ്രത്യവലോകനം<br>(എ) സംക്ഷിപ്ത വിവരം | 4-9 |
| 44 | തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

25.3.2017തീയതിയിലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2018 | 4/6/2018 | ഇല്ല | ഇല്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 5.6.2018-6.6.2018 | നം. കെ.എസ്.എ.കെ.എൽ.എം.പി.9/1224/18, തീയതി-09.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 42174518 |
| വരവ് | 95299082 |
| ആകെ | 137473600 |
| ചെലവ് | 102672014 |
| നീക്കിയിരിപ്പ് | 34801586 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 20651000 | 20651000 | 15535940 | 5115060 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8498807 | 8498807 | 6183579 | 2315228 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 18730000 | 18730000 | 18730000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4829000 | 4829000 | 4031934 | 797066 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 14226074 | 14226074 | 5739577 | 8486497 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 4054478 | 4054478 | 4054478 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 2534 | 64 | 2598 | 0 | 2598 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 22277403 | 22277403 | 22277403 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 95073 | 787486 | 882559 | 876212 | 6347 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | TSC | 1974605 | 98800 | 2073405 | 98800 | 1974605 |
| | ICDS | 414366 | 357319 | 771685 | 357319 | 414366 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | 0 | 108000 | 108000 | 108000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 60125 | 300000 | 360125 | 300000 | 60125 |
| | ജില്ലാ പഞ്ചായത്ത് | 60125 | 399000 | 459125 | 399000 | 60125 |
| ബി ഫണ്ട് | | 0 | 50452400 | 50452400 | 50452400 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 25958006 | 37682020 | 63640026 | 32686870 | 30953156 |
| | ട്രഷറി അക്കൗണ്ട് | 13609684 | 11188000 | 24797684 | 23467420 | 1330264 |
| മറ്റിനം | | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 35,01,48,261 | 125 | 6,05,75,372 | 51 | 5 | 69 |

**<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ -5</u>**

1) പ്രോജക്ട് നം.47/18-സമഗ്ര കന്നുകാലി ഇൻഷ്വറൻസ്-300000

2) പ്രോജക്ട് നം.170/17-തെരുവു നായ്ക്കളുടെ വന്ധ്യംകരണം-400000
3) പ്രോജക്ട് നം.27/18-പൊതു ശ്മശാനം-2000000

4) പ്രോജക്ട് നം.167/18-അംഗൻവാടിക്ക് സ്ഥലം വാങ്ങൽ-100000
5) പ്രോജക്ട് നം.161/18-ബയോഗ്യാസ് പ്ലാന്റിന് അറ്റകുറ്റപണികൾ- 200000

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 95,073 | 7,87,486 | 8,82,559 | 8,76,212 | 6,347 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,22,77,403 | 2,22,77,403 | 2,22,77,403 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 75,600 | 114 |
| കർഷകതൊഴിലാളി പെൻഷൻ | 54,56,900 | 481 |
| വിധവാപെൻഷൻ | 1,52,80,400 | 1,309 |
| വാർദ്ധക്യകാലപെൻഷൻ | 2,56,00,300 | 2,179 |
| വികലാംഗപെൻഷൻ | 37,50,200 | 321 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതയ്ക്കുള്ള പെൻഷൻ | 139000 | 15 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 5 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന13.9.2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,36,822/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1.ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച നൽകുകയും ചെയ്തിട്ടുണ്ട്.

2.ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

3.അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

4.വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

5.സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഔട്ട്ഡോർ കളക്ഷൻ, ഗുണഭോക്തൃവിഹിതം വാങ്ങൽ എന്നിവയ്ക്ക് കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

6.സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നു-
ണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

7.ഡി.&ഒ.ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡുതിരിച്ചുള്ള സ്ഥാപനരജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കെട്ടിടനിർമ്മാണ പെർമിറ്റ് ഫീ, കെട്ടിടവാടക, വിവിധയിനം ലേലങ്ങൾ എന്നിവയുടെ ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. വസ്തുനികുതിയുടെ ഡി.സി.ബി. പത്രിക

തയ്യാറാക്കുന്നതിൽ കൃത്യതയില്ലായ്മ കണ്ടുവരുന്നു. ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല.

8.വാർഷിക കണക്കുകളുടെ ഭാഗമായി തയ്യാറാക്കേണ്ട സ്ഥിരനിക്ഷേപം, മുൻകൂറുകൾ ,കുടിവെള്ള ടാപ്പുകൾ, തെരുവുവിളക്കുകൾ എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

9.ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

10.സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

### 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.6.18&23.6.18 | 4/18&5/18 | 6.7.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.1.17-20.1.17 | 2011-12-2015-16 | 1.4.17 |

### 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

**<u>2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.</u>**

*1.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം തൻവർഷത്തെ സപ്ലയേഴസ് ഇ.എം.ഡി ഇനത്തിലെ വരവ് 97,500/-രൂപയും റീഫണ്ട് 15,500/-രൂപയും നീക്കിയിരിപ്പ് 94.500/-രൂപയുമാണ്. എന്നാൽ ലെഡ്ജർ പരിശോധിച്ചതിൽ ഈയിനത്തിലെ വരവ് 1,79,500/-രൂപയും റീഫണ്ട് 97,500/-രൂപയും നീക്കിയിരിപ്പ് 94,500/-രൂപയുമാണ്.*

*2.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം തൻവർഷത്തെ ബിഡേഴ്സ് ഇ.എം.ഡി ഇനത്തിലെ മുന്നിരിപ്പ് 4,34,441/-രൂപയും വരവ് 13,500/-രൂപയും റീഫണ്ട് 3,53,600/-രൂപയും നീക്കിയിരിപ്പ് 2,15,841/-രൂപയുമാണ്. എന്നാൽ പരിശോധനയിൽ മുന്നിരിപ്പ് 3,25,391/-രൂപയും വരവ് 4,75,000/-രൂപയും റീ ഫണ്ട് 2,44,500/-രൂപയും നീക്കിയിരിപ്പ് 5,55,891/-രൂപയുമാണ്.*

*3.ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുകയായി ആർ.പി-47 ഷെഡ്യൂളിൽ 460100101 ശീർഷകത്തിൽ രേഖപ്പെടുത്തിയ തുക 5,70,845/-രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 1,60,000/-രൂപയാണ് ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക.*

*4.RP -36 ഷെഡ്യൂളിൽ 350110102 ശീർഷകത്തിൽ നെറ്റ് സാലറി പേയബിൾ ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക 58,16,639/-രൂപയാണ്. എന്നാൽ ജീവനക്കാരുടെ 2.2.18-ൽ*

നൽകിയ ശമ്പളം 3,91,845/-രൂപ ആയതിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഈ തുക ഉൾപ്പെടെ 62,08,484/-രൂപയാണ് നെറ്റ് സാലറി പേയബിൾ ആയി വരേണ്ടിയിരുന്നത്.

5.അമ്പത് വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതയായ സ്ത്രീകൾക്കുള്ള പെൻഷൻ ഡിബിറ്റി ചെലവ് പത്രിക പ്രകാരം 1,85,200/-രൂപയാണ്. എന്നാൽ AFS-ൽ 1,39,000/-രൂപയാണ് രേഖപ്പെടുത്തിയത്.

6.AFS പ്രകാരം തൻവർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി പിരിവ് 32,54,990/-രൂപയാണ്. എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം പിരിവ് 31,88,090/-രൂപയാണ്. 66,900/-രൂപയുടെ വ്യത്യാസം കാണുന്നു.

7.വാടക രജിസ്റ്റർ, ലേല രജിസ്റ്റർ, എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ വരവ് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

8.സഞ്ചയപ്രകാരം വസ്തുനികുതി കുടിശ്ശിക ബാലൻസ് 9,44,292/-രൂപയാണ്. എന്നാൽ AFSപ്രകാരം ബാലൻസ് 8,51,219/-രൂപയാണ്.

9.ഗ്രാമപഞ്ചായത്തിന് മൂന്ന് അക്കൗണ്ടുകളിലായി 23,17,186/-രൂപയുടെ സ്ഥിരനിക്ഷേപമുണ്ട്. ആയത് ബി-12 ഷെഡ്യൂളിലെ ഇൻവെസ്റ്റ്മെന്റ് ജനറൽ ഫണ്ട് ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

10.ബി4-ഷെഡ്യൂളിൽ ബെനഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 3,78,835/-രൂപ ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

11.ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

12.കോൺട്രാക്ടേഴ്സ് റിടെൻഷൻ, റെൻറ് ഡെപ്പോസിറ്റ്, ഓാക്ഷൻ ഡെപ്പോസിറ്റ്, ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് എന്നിവയുടെ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കാത്തതിനാൽ ഈയിനത്തിലെ തുകകളുടെ നിജസ്ഥിതി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

13.തൻവർഷത്തെ MNREGS ചെലവ് 2,22,50,212/-രൂപയാണ് AFS-ൽ കാണിച്ചത്. എന്നാൽ MNREGS ക്യാഷ്ബുക്ക് പ്രകാരം ചെലവ് 2,22,77,403/-രൂപയാണ്.14.തൊഴിൽരഹിത വേതനത്തിലെ വരവ് 78,600/-രൂപയാണ്. എന്നാൽ AFS-ൽ 75,600/-രൂപയാണ്

കാണിച്ചത്.

## ഭാഗം -2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഫണ്ട് വിനിയോഗം -നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം വലിയ തോതിൽ നഷ്ടപ്പെടുന്നു.

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷിക പദ്ധതി പ്രകാരം ലഭിച്ച വിവിധ ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ച വന്നതുമൂലം2,83,16,371 /- രൂപയുടെ പദ്ധതിപ്പണം തൻവർഷം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവഴിച്ച തുക | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെപ്പോയ തുക |
|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 2,25,19,275 | 1,55,35,940 | 69 | 69,83,335 |
| വികസനഫണ്ട് (എസ്.സി.പി.) | 1,02,05,100 | 61,83,579 | 60.59 | 40,21,521 |
| സംരക്ഷണ ഗ്രാന്റ് | 3,23,59,871 | 2,27,61,934 | 70.34 | 95,97,937 |
| 13-)ം ധനകാര്യ കമ്മീഷൻ | 1,33,12,645 | 57,39,577 | 43 | 75,73,068 |
| ലോകബാങ്ക് സഹായം | 41,94,988 | 40,54,478 | 96.65 | 1,40,510 |
| ആകെ | 8,25,91,879 | 5,42,75,508 | 65.72 | 2,83,16,371 |

ഉത്പാദന മേഖലകളിൽ അംഗീകാരം ലഭിച്ച തെങ്ങ് പരിപാലനം, മഴമറ കൃഷി, മുട്ടക്കോഴി വിതരണം, പോത്തുകുട്ടി വിതരണം, പശുവിതരണം, കറവപ്പശു വളർത്തൽ, ഗർഭിണികിടാരി വിതരണം എന്നീ പ്രോജക്റ്റുകളിൽ വിഭാവനം ചെയ്തിരുന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ സമഗ്ര കന്നുകാലി ഇൻഷ്വറൻസ്, തെരുവുനായ്ക്കളുടെ വന്ധ്യംകരണം,പൊതുശ്മശാനം, അംഗൻവാടിയ്ക്ക് സ്ഥലം വാങ്ങൽ, ബയോഗ്യാസ് പ്ലാന്റിന് അറ്റകുറ്റപ്പണികൾ എന്നിവയുൾപ്പെടെ 18പ്രോജക്റ്റുകൾ തൻവർഷം ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും ഉല്പാദന, സേവനമേഖലയുടെ വളർച്ചയ്ക്കും ലഭ്യമാകുമായിരുന്ന തുകയാണ് പാഴായി പോയത്. നടപ്പിൽ വരുത്തുവാൻ കഴിയുന്ന പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ കഴിയാതിരുന്നതിനാലാണ് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വൻതുക തൻവർഷം ഉപയോഗപ്പെടുത്താൻ കഴിയാതെ പാഴായിപ്പോയത്. കൂട്ടായ പ്രവർത്തനത്തിലൂടെ പരമാവധി ധനവിനിയോഗം ഉറപ്പ് വരുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 2-2 ഇ-ടെണ്ടർ ഫീ ലഭിച്ചത് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ വിവിധ പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തയിനത്തിൽ തൻവർഷം ലഭിച്ച ടെണ്ടർ ഫീയായ 69,900/- രൂപ കൊല്ലം ജില്ലാ

പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-3 വാടക ഈടാക്കാൻ അവശേഷിക്കുന്നു.

2017-18 സാമ്പത്തികവർഷം പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിൽ ചുവടെ പറയുന്ന തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

| ക്രമനം | റൂം നം. | വാടകക്കാരന്റെ പേര് | ഈടാക്കാൻ അവശേഷിക്കുന്നതുക |
|---|---|---|---|
| 1. | 35 SP 3 | ശ്രീമതി.സലോമി തങ്കപ്പൻ,മാങ്കോട് | 19,808 |
| 2. | 39 SP 73 | ശ്രീ മോഹൻകുമാർ | 32,100 |
| 3. | 43 DP | ശ്രീ എസ്.കെ. രാധാകൃഷ്ണൻ | 34,800 |
| 4. | സ്റ്റാൾ നം.36 | ശ്രീമതി അനീസാ ബീഗം,കുണ്ടയം | 5,755 |
| 5. | സ്റ്റാൾ നം.42 | ശ്രീ സിയാദ് | 7,406 |
| 6. | സ്റ്റാൾ നം.44 | ശ്രീ നൗഷാദ് | 21,500 |
| 7. | സ്റ്റാൾ നം.87 | ശ്രീ അയൂബ് | 8,110 |
| 8. | സ്റ്റാൾ നം.88 | ശ്രീമതി ഉഷ | 7,940 |
| 9. | സ്റ്റാൾ നം.89 | ശ്രീമതി.ഐഷ ബീവി | 6,344 |
| 10. | സ്റ്റാൾ നം.94 | ശ്രീമതി സബീന | 1,145 |
| 11. | സ്റ്റാൾ നം.99 | ശ്രീ സുഗതൻ | 13,124 |
| | | **ആകെ** | **1,58,032** |

പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി ഓഡിറ്റിൽ വിശദമാക്കുന്നതിന് നൽകിയ എൻക്വയറിക്ക്, (ഓഡിറ്റ് എൻക്വയറി നം.7/19..9.2018) കുടിശ്ശിക വരുത്തിയിട്ടുള്ള വാടകക്കാരിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.വാടക കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മുചക്ര വാഹനം ,ബ്ലോക്ക് വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ഇല്ല.

പ്രോജക്റ്റ് നം: 174/18(പൊതു വിഭാഗം)

പ്രോജക്ടിന്റെ പേര്:മുചക്ര വാഹനം -ബ്ലോക്ക് വിഹിതം നൽകൽ

അടങ്കൽ:1,00,000/-രൂപ

ചെലവ് : 1,00,000/- രൂപ( ബിൽ നം:8/17-18; 26-2-18)

നിർവ്വഹണ ഉദ്യോഗസ്ഥൻ:ഐ.സി.ഡി.എസ് സൂപ്പർവൈസർ ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടറിന് ഗ്രാമപഞ്ചായത്ത് വിഹിതമായ ഒരു ലക്ഷം രൂപ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ട് നം: 799011400002551 ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി വിഹിതം വിനിയോഗിച്ചതിന്റെ രേഖകൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ചെലവ്
തടസ്സത്തിൽ വയ്ക്കുന്നു. തടസ്സം 1,00,000/- ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-2 PMAY- ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ഇല്ല.

പ്രോജക്റ്റ് നം: 94/18

പ്രോജക്റ്റ് പേര്: പി.എം.എ.വൈ.- വിഹിതം നൽകൽ(പൊതുവിഭാഗം)

അടങ്കൽ:2,60,000/-രൂപ

ചെലവ് :2,60,000/-രൂപ

( ബിൽ നം: 01/17-18; 23-10-17)

നിർവ്വഹണ ഉദ്യോഗസ്ഥൻ :വി.ഇ.ഒ

പത്തനാപുരം ബ്ലോക്ക് പി.എം.എ.വൈ(ജനറൽ)ഭവന പദ്ധതിയുടെ 2017-18 ലെ ഭൗതിക ലക്ഷ്യം 110 വീടുകൾ കൈവരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വിഹിതമായ 2,60,000/- രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് ബ്ലോക്കിന്റെ അക്കൗണ്ട് നം: 799011400002551 ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.ടി തുക ചെലവഴിച്ചതിന്റെ വിനിയോഗ വിവരങ്ങളുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്. തടസ്സം 2,60,000/-

### 3-3 ആയുർവേദആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

ഹോമിയോ ഡോക്ടർ നിർവ്വഹണം നടത്തിയ ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ പദ്ധതികളിൽ ലഭ്യമായതും അല്ലാത്തതുമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി നമ്പർ/പേര് | ബിൽ നമ്പർ, തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | എസ്.0121/2017-2018 ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ബിൽ നമ്പർ 05/2017-2018 11.10.2017 പ്രകാരം 5,00,000/-രൂപ ഔഷധിക്ക് നല്കിയിട്ടുണ്ട്. തുക കൈപ്പറ്റ് രസീത് നമ്പർ 14000003242/26.11.2017 | 9തവണകളായി 4,74,385/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 25,615രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു. |
| 2. | എസ്.0122/2017-18 | ബിൽ നമ്പർ 02/2017-18 | 16തവണകളായി |

| | | | |
|---|---|---|---|
| | വയോമിത്രം(ആയുർവേദ ആശുപത്രി)<br>വികസന ഫണ്ട് | 6,00,000/- തീയതി-29.07.2017<br>ബിൽ നമ്പർ 02/2017-18<br>5,00,000/- തീയതി-29.10.2017<br>മേൽ ബില്ലുകൾ പ്രകാരം 11,00,000 ലക്ഷം രൂപ ഔഷധിയ്ക്ക് നല്കിയിട്ടുണ്ട്. | 10,83,500/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 16,500/-രൂപയുടെമരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നമ്പർ 01/13.09.2018 ന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല എന്നും മരുന്നുകൾ ലഭ്യമാകുന്നതിലേക്കായി ഔഷധിയ്ക്ക് അറിയിപ്പ് നൽകിയട്ടുണ്ടെന്നും ലഭ്യമാകുന്നമുറയ്ക്ക് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമായിട്ടുണ്ട് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.01/13.09.2018.

## 3-4 നിലവിലില്ലാത്ത ഓഡിനറി ബൾബുകൾക്ക് കറൻറ് ചാർജ് നൽകുന്നു

2017-2018 വർഷത്തിൽ പത്തനാപുരം ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ രേഖകൾ കൈകാര്യം ചെയ്യുന്ന രജിസ്റ്റർ പരിശോധിച്ചപ്പോൾ പഞ്ചായത്തിൽ നിലവിൽ ഉപയോഗത്തിലില്ലാത്ത ഓർഡിനറി ബൾബുകൾക്കും കറൻറ് ചാർജ് നൽകി വരുന്നതായി കെ.എസ്സ്.ഇ.ബി നൽകിയിരിക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം വ്യക്തമാകുന്നു

കെ.എസ്.ഇ.ബിയുടെ ഇലക്ട്രിക്കൽ സെക്ഷൻ പത്തനാപുരം 29.06.2018-ൽ നൽകിയ ബി.ബി/ഇ.എസ്.പി.റ്റി.പി.എം. സ്ട്രീറ്റ് ലൈറ്റ്/2018/158ാം നമ്പർ കത്ത് പ്രകാരം നിലവിൽ നൽകികൊണ്ടിരിക്കുന്ന 1145952000362-ാം നമ്പർ കൺസ്യൂമർ നമ്പറായുള്ള ബില്ലിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| തെരുവു വിളക്കിന്റെ ഇനം | എണ്ണം | പ്രകാശിക്കുന്ന സമയം |
|---|---|---|
| സി.എഫ്.എൽആട്ടോമാറ്റിക്ഓൺ/ഓഫ് സി.എഫ്.എൽ 1 x 30 | 115 | 12 മണിക്കൂർ |
| എൽ.ഇ.ഡി 1 x 18 | 15 | 12 മണിക്കൂർ |
| ഓർഡിനറി 1 x 100 | 11 | 12 മണിക്കൂർ |
| മെർക്കുറി വേപ്പർ ലാമ്പ് 1 x 250 | 1 | 12 മണിക്കൂർ |
| സി.എഫ്.എൽ ആട്ടോമാറ്റിക് ഓൺ/ ഓഫ് സി.എഫ്.എൽ 2 x 11 | 100 | 12 മണിക്കൂർ |
| സി.എഫ്.എൽ ആട്ടോമാറ്റിക് ഓൺ/ ഓഫ് സി.എഫ്.എൽ 1 x 18 | 55 | 12 മണിക്കൂർ |
| ഫ്ലൂറസെന്റ് ട്യൂബ് 2 x 40 | 366 | 12 മണിക്കൂർ |
| ഫ്ലൂറസെന്റ് ട്യൂബ് 1 x 40 | 40 | 12 മണിക്കൂർ |
| ഓർഡിനറി 1 x 100 | 11 | 12 മണിക്കൂർ |
| ഓർഡിനറി 1 x 60 | 316 | 12 മണിക്കൂർ |
| ഓർഡിനറി 1 x 40 | 629 | 12 മണിക്കൂർ |

മേൽ റിപ്പോർട്ട് പ്രകാരം 967സാധാരണ ബൾബുകൾ ഉപയോഗിക്കുന്നതായി കണക്കാക്കി പ്രതിമാസം ഭീമമായ തുക കെ.എസ്.ഇ.ബിയ്ക്ക് നല്കുന്നുണ്ട്. എന്നാൽ നിലവിൽ സാധാരണ

ബൾബുകൾ ഒന്നും പഞ്ചായത്തിൽ ഉപയോഗിക്കുന്നില്ലായെന്ന് 2017-2018 സാമ്പത്തിക വർഷം തെരുവു വിളക്കുകളുടെ പരിപാലനത്തിനായി നടപ്പിലാക്കിയ എസ്.0145/2017-2018, എസ്.0188 /2017-2018പദ്ധതികളിലെ വാങ്ങൽ രേഖകളിൽ നിന്നും തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ പ്രകാരവും വ്യക്തമാകുന്നു. മേൽ പദ്ധതി പ്രകാരം 1100 ട്യൂബുകളും 1215 എൽ.ഇ.ഡി ബൾബുകളും അനുബന്ധ ഉപകരണങ്ങളും മാത്രമാണ് വാങ്ങിയിട്ടുള്ളത്. ഇതിൽ നിന്നും കെ.എസ്.ഇ.ബി നിലവിൽ ഇല്ലാത്തതും/ ഉപയോഗിക്കാത്തതുമായ ഓർഡിനറി ബൾബുകൾക്ക് കറന്റ് ചാർജ് ഈടാക്കികൊണ്ടിരിക്കുകയാണ് എന്ന് വ്യക്തമാക്കുന്നു. മേൽ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

ഇല്ലാത്ത 967 ഓർഡിനറി ബൾബുകൾക്ക് നിലവിൽ കറന്റ് ചാർജ് ഒടുക്കിവരുന്നു. ആയതിനാൽ കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും നാളിതുവരെ അധികമായി നൽകിയ കറന്റ് ചാർജ് തുക എത്രയാണെന്ന് തിട്ടപ്പെടുത്തി വരും മാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് കൈകൊള്ളുന്ന നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

### 3-5. തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ(പ്രോജക്ട് നം.144/18)-പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

അടങ്കൽ-1565821(1500000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

65821(തനതുഫണ്ട്)

ചെലവ്-1565821(1500000-ബിൽ നം.11/17-18/20.10.17

65821-ഡി.ഡി നം.948433/3.3.18 )

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രവൃത്തിയ്ക്കായി 1565821 രൂപ എക്സിക്യൂട്ടീവ് എൻജിനീയർ,കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ,പുനലൂരിന് നൽകിയിട്ടുണ്ട്.ടി പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.ടി പ്രവൃത്തി പൂർത്തീകരിച്ചില്ലാത്തതിനാൽ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്.ആയത് ഉൾപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2018-19 വർഷത്തെ വാർഷികധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത 15,65,821/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം-2/13-9-2018)
തടസ്സപ്പെടുത്തിയ തുക: 15,65,821

**3-6 തെരുവുവിളക്ക് മെയിന്റനൻസ്-പുതിയത് സ്ഥാപിക്കൽ,സാധനസാമഗ്രികൾ വാങ്ങൽ-രേഖകൾ ഹാജരാക്കിയില്ല.**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരം തെരുവുവിളക്ക് മെയിന്റനൻസ്-പുതിയത് സ്ഥാപിക്കൽ,സാധനസാമഗ്രികൾ വാങ്ങൽ എന്നിവയ്ക്കായി ചുവടെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| **പ്രോജക്ട് നം.**<br>**പേര്** | **അടങ്കൽ**<br>(രൂപ) | **ചെലവ്**<br>(രൂപ) | **ബിൽ നം.**<br>**തീയതി** |
|---|---|---|---|
| 145/18<br>തെരുവുവിളക്ക് മെയിന്റനൻസ് -പുതിയത് സ്ഥാപിക്കൽ,സാധനസാമഗ്രികൾ വാങ്ങൽ | 5,00,000/- | 4,98,095/-<br>(254970+243125) | 15/17-18/17.1.18<br>17/17-18<br>19.2.18 |
| 188/18<br>തെരുവുവിളക്ക് പുതിയത് സ്ഥാപിക്കൽ | 5,00,000/- | 4,56,875/- | 18/17-18/6.3.18 |

മേൽ പ്രോജക്ടുകൾക്കായി ടെണ്ടർ ക്ഷണിച്ചതിൽ റോഷ്നി ഇലക്ട്രിക്കൽ & സാനിട്ടറി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു.പ്രോജക്ടുകൾ പ്രകാരം വാങ്ങിയ സാധനസാമഗ്രികളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

**ബിൽ നം.15/17-18/17.1.18 പ്രകാരം**

| ഇനം | എണ്ണം | തുക |
|---|---|---|
| ട്യൂബ് | 600x42 | 25,200/- |
| ചോക്ക് | 400x145.50 | 58,200/- |
| സൈഡ് ഹോൾഡർ | 250x7 | 1,750/- |
| പി.വി.സി.കേബിൾ | 15x680 | 10,200/- |
| സ്റ്റാർട്ടർ | 200x10.60 | 2,120/- |
| സർവ്വീസ് വയർ | 200x100 | 20,000/- |
| എൽ.ഇ.ഡി | 500x275 | 1,37,500/- |
| ആകെ | | 2,54,970/- |

ബിൽ നം.17/17-18/19.2.18 – 243125/- രൂപ

ബിൽ പ്രകാരം 2,43,125/-രൂപ റോഷ്നി ഇലക്ട്രിക്കൽസിന് നൽകിയിട്ടുണ്ട്. എന്നാൽ സമർപ്പിച്ച ബിൽ അവ്യക്തമായതിനാൽ വാങ്ങിയ ഇനങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല.

ബിൽ നം.18/17-18/8.3.18

| ഇനം | എണ്ണം | തുക |
|---|---|---|
| എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് | 215 | 4,56,875/- |

മേൽ പ്രോജക്ടുകൾ പ്രകാരം 1100 ട്യൂബും 1215 എൽ.ഇ.ഡി.യും വാങ്ങിയിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബി യിൽ നിന്നും 29.6.2018-ൽ ലഭ്യമാക്കിയ തെരുവുവിളക്കുകളുടെ വിവരങ്ങൾ പ്രകാരം 115 എൽ.ഇ.ഡി യും 406 ട്യൂബും മാത്രമാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് തെരുവു വിളക്കു രജിസ്റ്റർ പരിശോധിച്ചതിൽ വാങ്ങിയ ഉപകരണങ്ങൾ ഓരോ വാർഡുകളിലേക്കും നൽകിയതായി രേഖപ്പെടുത്തിയെങ്കിലും ആയത് സ്ഥാപിച്ചതിന്റെ രേഖകളില്ല.ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് 2016-17നു മുൻപ് സ്ഥാപിച്ചിട്ടുള്ള ലൈറ്റുകളാണ് കെ.എസ്.ഇ.ബി യുടെ കണക്കുകൾ പ്രകാരമുള്ളതെന്നും പുതിയ ഇലക്ട്രിക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും പഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ വിവരങ്ങൾ കൃത്യമാക്കേണ്ടതുമാണ്. ബിൽ നം.17/17-18/19.2.18 പ്രകാരം ചെലവഴിച്ച 2,43,125/-രൂപയുടെ ചെലവ് ശരിയായ ബില്ലിന്റെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. വിതരണം ചെയ്യാത്ത അനുബന്ധ സാമഗ്രികൾ പഞ്ചായത്തിന്റെ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുന്നു. ആവശ്യാധിഷ്ഠിതമായി വാങ്ങൽ നടത്തേണ്ടതും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും അധികാരികളും ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.
എൻക്വയറി നം.14/22.9.18

തടസ്സപ്പെടുത്തിയ തുക – 2,43,125/-

## 3-7 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.50/18

അടങ്കൽ- 200000 രൂപ(തനതുഫണ്ട്)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ പ്രവൃത്തിയ്ക്കായി 1,80,608/- രൂപ ചെക്ക് നം. പ്രകാരം പത്തനാപുരം കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി. ലഭ്യമാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക കെ.എസ്.ഇ.ബി യിലേക്ക് നൽകേണ്ടത് . ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് ഇല്ലാതെയാണ് തുക നൽകിയിട്ടുള്ളത് എന്നു കാണുന്നു. നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| തുക | ചെക്ക് നം. |
|---|---|
| 12418 | 006136/29.8.17 |
| 110518 | 006318/26.9.17 |
| 47490 | 007379/1.2.18 |
| 10182 | 007366/1.3.18 |

ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്കായി കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച 12,418/- രൂപയുടേയും 1,10,518/-രൂപയുടേയും പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി

ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,22,936/-രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
എൻക്വയറി നം.15/24.9.2018.
തടസ്സപ്പെടുത്തിയ തുക- 1,22,936/-

### 3-8 പാലിന് സബ്സിഡി-ആധികാരിക രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം.-107/18

അടങ്കൽ- 5,00,000/-രൂപ (വികസനഫണ്ട്)

ചെലവ്-2,40,610/-രൂപ (ബിൽ നം.12/17-18/28.3.2018

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പാലിന് സബ്സിഡി പ്രോജക്ടിനായി 2,40,610 /-രൂപ ചെലവഴിച്ചു. കുണ്ടയം, മാങ്കോട് എന്നീ ക്ഷീരസംഘങ്ങളിൽ നിന്നുള്ള 58 ക്ഷീരകർഷകർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.എന്നാൽ, 2 ക്ഷീരസംഘങ്ങളുടേയും ചെലവുകൾ സംബന്ധിച്ച് പ്രത്യേകമായ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഓരോ ക്ഷീരസംഘങ്ങളിലും എത്ര കർഷകർ ഉൾപ്പെടുന്നുവെന്ന് വ്യക്തമല്ല. കൂടാതെ പല ക്ഷീരകർഷകരും ക്ഷീരസംഘങ്ങളിൽ പാലളന്നതിന്റെ സ്റ്റേറ്റുമെന്റും ഹാജരാക്കിയിട്ടില്ല. ചെലവിന്റെ ആധികാരികത ഓഡിറ്റിൽ ബോധ്യപ്പെടുത്തുന്നതിനായി നൽകിയ എൻക്വയറിക്ക് (നം.9/23.9.18) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2,40,610/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-9 മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ-മരുന്നു പൂർണ്ണമായും ലഭിച്ചിട്ടില്ല.

1. പ്രോജക്ട് നം.So 109/18

അടങ്കൽ-2,00,000/-രൂപ(വികസനഫണ്ട്)

ചെലവ്-2,00,000/-രൂപ(ബിൽ നം.1/17-18/22.1.18

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ചതിൽ കളീയ്ക്കൽ ഏജൻസീസ് ,പുലമൺ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. എന്നാൽ ടി സ്ഥാപനവുമായി എഗ്രിമെന്റ് വച്ചിട്ടില്ല. ഇൻവോയിസ് പ്രകാരമുള്ള 2,00,000/- രൂപ ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. നൽകിയ തുകയിൽ 1,96,000/-രൂപയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടുണ്ട് . 4000/- രൂപയ്ക്കുള്ള മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു. മരുന്ന് ലഭ്യമായതു സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (നം.9/23.9.18) മറുപടി ലഭ്യമാക്കിയില്ല. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വിലയായ 4000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

**3-10 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-ലാബുപകരണങ്ങളും മരുന്നുകളും പൂർണ്ണമായും ലഭിച്ചിട്ടില്ല.**

1.പ്രോജക്ട് നം.156/18 മാങ്കോട് പി.എച്ച്.സിയ്ക്ക് ലാബുപകരണങ്ങൾ വാങ്ങൽ

അടങ്കൽ- 6,40,000/-(5,00,000/-മെയി.ഗ്രാന്റ്)

1,40,000/-(ധന.കമ്മീ.ഗ്രാന്റ്)

ചെലവ്-4,32,973/-(ബിൽ തുക-3/17-18/21.10.2017.)
പി.എച്ച്.സിയ്ക്ക് ലാബുപകരണങ്ങൾ വാങ്ങുന്നതിനായി ബിൽ നം.3/17 -18/21.10.17 പ്രകാരം 305377 KMSCL ന് നൽകിയെങ്കിലും ആയതിൽ Binocular Microscope-1 എണ്ണം @54014 നാളിതുവരെയും ലഭ്യമായിട്ടില്ല.

2.പ്രോജക്ട് നം.164/17-18 -മാങ്കോട് പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ

അടങ്കൽ -2,00,000/-രൂപ

ചെലവ് -1,00,000/-(ബിൽ നം.1/17-18/17.10.17)

1,00,000/-(ബിൽ നം.6/17-18/22.3.18)

മരുന്നുവാങ്ങലിനായി ഇൻവോയിസ് പ്രകാരമുള്ള 2,00,000/- രൂപ KMSCL എന്ന സ്ഥാപനത്തിന് നൽകിയെങ്കിലും 1,14,591/-രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. 85,409/- രൂപയുള്ള മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു.

3.പ്രോജക്ട് നം.177/17-18 -ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങൽ

അടങ്കൽ-50,000/- (തനതുഫണ്ട്)

-ടി- പ്രോജക്ടിനായി 50,000/- രൂപ ചെക്ക് നം.5728654/12.10.2017 പ്രകാരം മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി യ്ക്ക് നൽകി. KMSCL-ന്റെ ഇൻവോയിസ് പ്രകാരമുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ആയതിൽ 2,744/- രൂപയുള്ള മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

ലഭിക്കാൻ ശേഷിക്കുന്ന ഉപകരണങ്ങൾ,മരുന്ന് എന്നിവ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മേൽ സൂചിപ്പിച്ചിട്ടുള്ള തുകയുള്ള മരുന്നുകളും ഉപകരണങ്ങളും ലഭിക്കാനുണ്ട് എന്ന മറുപടി ലഭ്യമാക്കി. ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
എൻക്വയറി നം.10/22.9.2018.

**3-11 കറവപ്പശുവളർത്തൽ പദ്ധതി-അവശ്യരേഖകൾ ഹാജരാക്കിയിട്ടില്ല.**

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ കറവപ്പശുവളർത്തൽ പ്രോജക്ടിനായി തുക ചെലവഴിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം. | അടങ്കൽ | ഗുണഭോക്താക്കളുടെഎണ്ണം | ചെലവ് | ബിൽ നം. |
|---|---|---|---|---|
| 172/18 കറവപ്പശു വളർത്തൽ (എസ്സ്.സി.പി) | 5,00,000/- (വികസനഫണ്ട്-3,00,000/- വായ്പ-2,00,000/- | 4 | 60,000/-<br>60,000/- | 4/18/20.3.2018,<br>14/18/28.3.18 |
| 108/18-പശു വളർത്തൽ (ജനറൽ) | 1600000 (വികസനഫണ്ട്-8,00,000/- വായ്പ-8,00,000/-) | 29 | 2,50,000/-<br>3,25,000/-<br>1,25,000/-<br>25,000/- | 3/17-18/20.3.18<br>9/17-18/28.3.18 |

| | | | | |
|---|---|---|---|---|
| | | | | 18/17-18/28.3.18<br>19/17-18/31.3.18) |

മേൽ പ്രോജക്ടിനായി ഒരു ഗുണഭോക്താവിന് 50000/- രൂപ (എസ്സ്,സി.പി -30000വികസനഫണ്ടും,20000രൂപ വായ്പയും,ജനറൽ - 25000 രൂപ വികസനഫണ്ടും 25000 രൂപ ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ )വകയിരുത്തി. സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബാങ്ക് വായ്പ ഗുണഭോക്താക്കളുടെ ലോൺ അക്കൌണ്ടിലേക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം.108/18ന്റ ബിൽ നം.18/28.3.18 പ്രകാരമുള്ള 125000/- രൂപയുടെ സബ്സിഡി തുക ഏതൊക്കെ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നൽകിയെന്ന് വ്യക്തമല്ല. ബില്ലിൽ 'credit to treasury ' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 845000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബാങ്ക് വായ്പ ഗുണഭോക്താക്കളുടെ ലോൺ അക്കൌണ്ടിലേക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം.9/23.0.2018.

തടസ്സം-8,45,000/-രൂപ

### 3-12 പട്ടികജാതി ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണഭിത്തി നിർമ്മാണം- മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പട്ടികജാതിക്കാരായ ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ കൊടുത്തിരിക്കുന്ന പ്രോജക്റ്റുകൾ പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്. 29.3.2017-ലെ ജി.ഒ.(എം.എസ്.)72/17/ത.സ്വ.ഭ.വ. നം. മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിഭാഗത്തിലെ പശ്ചാത്തല പ്രോജക്റ്റിനോടൊപ്പം ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സാമൂഹ്യഭൂപടം എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കിയിരിക്കുന്നത്. കൂടാതെ കുറഞ്ഞത് അഞ്ച് പട്ടികജാതി കുടുംബങ്ങളെങ്കിലും ഒന്നിച്ച് താമസിക്കുന്ന സ്ഥലം പട്ടികജാതി സങ്കേതമായി പരിഗണിച്ചുവേണം പൊതു സൗകര്യം ഏർപ്പെടുത്തേണ്ടത് എന്ന വ്യവസ്ഥ പ്രകാരം താഴെ പറയുന്ന പ്രോജക്റ്റുകൾ നടപ്പാക്കിയ സ്ഥലങ്ങളിലെ പട്ടികജാതി ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച് പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് | ചെലവുതുക | ബിൽ നം./ തീയതി |
|---|---|---|---|
| 1. | പാതിരിക്കൽഎസ്.സി.ഗുണഭോക്താക്കളുടെ വസ്തുവിൽ സംരക്ഷണഭിത്തി നിർമ്മാണം (63/18-സ്പിൽ ഓവർ) | 3,15,000/- | 6/29.6.2017 |
| 2. | മണ്ണായിക്കോണം എസ്.സി.ഗുണഭോക്താക്കളുടെ വസ്തുവിൽ സംരക്ഷണഭിത്തി നിർമ്മാണം (74/18-സ്പിൽ ഓവർ) | 1,82,502/- | 37/12.2.2018 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 3. | നീലിക്കോണം സെറ്റിൽമെന്റ് എസ്.സി.കോളനി സംരക്ഷണഭിത്തി നിർമ്മാണം(150/18) | 2,99,595/- | 18/20.3.2018 |
| | | | |

നിർവ്വഹണോദ്യോഗസ്ഥന്റെ വസ്തു നിഷ്ഠമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-13 തൊഴിലുറപ്പുപദ്ധതി - അവലോകനം

പ്രകൃതിവിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് മഴക്കുഴി നിർമ്മാണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണുജലസംരക്ഷണം എന്നിവയാണ് തൊഴിലുറപ്പുപദ്ധതിയിൻകീഴിൽ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രധാന പദ്ധതികൾ. ഏതാനും കുളങ്ങളുടെയും തോടുകളുടെയും നവീകരണം ഒഴിച്ചാൽ പൊതു ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രവൃത്തികളോ നിലവിലുള്ള പൊതു ആസ്തികളുടെ സംരക്ഷണ പ്രവൃത്തികളോ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടില്ല. റോഡുകൾ, ഓടകൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടവയാണ്. കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള ഗ്രാമപഞ്ചായത്തിൽ ചെറുകിട ജലസേചന തോടുകളുടെയും കനാലുകളുടെയും നിർമ്മാണം, പുനരുദ്ധാരണം എന്നിവ തൻവർഷം ചെയ്തിട്ടില്ല. തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണുജലസംരക്ഷണപ്രവൃത്തികൾ എന്നിവ സ്വകാര്യഭൂമിയിൽ മാത്രമായി പരിമിതപ്പെടുകയാണുണ്ടായത്. പൊതുഭൂമിയിലെ ഭൂസംരക്ഷണപ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ കല്ലടയാറിന്റെയും കല്ലുംകടവ് തോടിന്റേയും തീരത്തുള്ള പല പ്രദേശങ്ങളിലും വെള്ളപ്പൊക്കഭീഷണിയുണ്ടെങ്കിലും വെള്ളപ്പൊക്കനിയന്ത്രണ പ്രവൃത്തികളും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികളും തൊഴിലുറപ്പുപദ്ധതിയിൻകീഴിൽ നിർവ്വഹിച്ചിട്ടില്ല. തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളിൽ നാമമാത്രമായ സാധനഘടകം മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. തൻവർഷം ആകെ 2,22,77,403/- രൂപയുടെ പ്രവൃത്തികൾ നിർവ്വഹിച്ചതിൽ സാധനഘടകത്തിലെ ചെലവ് 1,37,109/- രൂപ മാത്രമാണ് (0.615%). തൊഴിലുറപ്പുപദ്ധതി പ്രവർത്തനം സ്വകാര്യഭൂമിയിൽ മാത്രമായി പരിമിതപ്പെടുത്താതെ പൊതു ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലും മേൽ സൂചിപ്പിച്ച പ്രകാരം ഇതര മേഖലകളിലേയ്ക്ക് വ്യാപിപ്പിച്ചും സാധനഘടകത്തിലെ ചെലവിൽ ആനുപാതിക വർദ്ധന വരുത്തിയും നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 സമഗ്ര പച്ചക്കറി കൃഷി വികസനം - പച്ചക്കറിതൈകൾ വിതരണം നൽകിയതിന് രേഖകളില്ല.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ സമഗ്ര പച്ചക്കറി കൃഷി വികസനം എന്ന പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് പച്ചക്കറി തൈ വിതരണം നടത്തിയതിനുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതി നമ്പർ | എസ്.ഒ. 0189/2018 |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 3,52,500/-രൂപ |
| ബിൽ നമ്പർ | 02/2017-2018 തീയതി 06.01.2018 |
| ചെലവ് | 3,52,500/- രൂപ |

പഞ്ചായത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നത് ലക്ഷ്യമിട്ട് വിഭാവനം ചെയ്ത പദ്ധതിയാണ് സമഗ്ര പച്ചക്കറി കൃഷി വികസനം. ഗ്രാമ പഞ്ചായത്തിലെ പച്ചക്കറി കൃഷി താല്പര്യമുള്ള എല്ലാ ഗുണഭോക്താക്കൾക്കും വിതരണം ചെയ്യുന്നതിലേയ്ക്കായി 25 തൈകൾ വീതംമടങ്ങുന്ന 6000 യൂണിറ്റ് തൈകൾ ഒരു യൂണിറ്റിന് 58.75/- രൂപ നിരക്കിൽ സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, കായംകുളത്തിൽ നിന്നും വാങ്ങിയിരിക്കുന്നു. (25 x 6000 = 15,00,000 തൈകൾ). ആയതിലേക്ക് 3,52,500/- രൂപ സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, കായംകുളത്തിന്റെ SBIN001682/36705549147നമ്പർ അക്കൗണ്ടിലേക്ക് 06.01.2018 ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് തൈകൾ വിതരണം ചെയ്ത രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം യൂണിറ്റ് തൈകൾ വിതരണം ചെയ്തതായി കാണുന്നു.

| വാർഡ് നമ്പർ | വിതരണം ചെയ്ത യൂണിറ്റുകളുടെ എണ്ണം |
|---|---|
| I | 400 യൂണിറ്റ് |
| II | 221 യൂണിറ്റ് |
| III | വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല |
| IV | 166 യൂണിറ്റ് |
| V | 97 യൂണിറ്റ് |
| VI | വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല |
| VII | 112 യൂണിറ്റ് |
| VIII | 320 യൂണിറ്റ് |
| IX | 128 യൂണിറ്റ് |
| X | വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല |
| XI | 60 യൂണിറ്റ് |
| XII | 131 യൂണിറ്റ് |
| XIII | വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല |
| XIV | 210 യൂണിറ്റ് |
| XV | വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല |
| XVI | 53 യൂണിറ്റ് |
| XVII | 104 യൂണിറ്റ് |
| XVIII | 201 യൂണിറ്റ് |
| XIX | വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല |

ആകെ വാങ്ങിയ 6000 യൂണിറ്റിൽ 2203 യൂണിറ്റ് തൈകളുടെ വിതരണ വിശദാംശങ്ങൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. ശേഷിക്കുന്ന 3797 യൂണിറ്റ് തൈകൾ വിതരണം ചെയ്തതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.

തൈകളുടെ വിതരണ വിശദാംശങ്ങൾ ഹാജരാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 06/18.09.2018ന് നൽകിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിലും യഥോചിതം വിതരണം നടത്തിയതിനുള്ളതായും ആയതിന്റെ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതാണ് എന്നുമാണ്. തൈ എന്ന് വിതരണം നടത്തിയെന്നോ

എത്രയൂണിറ്റ് തൈകൾ വിതരണം നടത്തിയെന്നോ രേഖകളില്ല. പദ്ധതി അവസാനിച്ച് 6 മാസം കഴിഞ്ഞിട്ടും തൈകൾ വിതരണം ചെയ്ത രേഖകൾ സൂക്ഷിച്ചിട്ടില്ല എന്നത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നും വന്ന ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ ചെലവാക്കിയ 3,52,500 രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.06/18.09.2018.
തടസ്സം. 3,52,500/-രൂപ

### 3-15 മഴക്കാല പൂർവ്വ ശുചീകരണം ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - ചെലവ് തുക 1,50,000/-രൂപ തടസ്സപ്പെടുത്തുന്നു

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷനിൽ നിന്നും ലഭിച്ചതുകയുൾപ്പെടെ 1,90,000/-രൂപ പഞ്ചായത്തിലെ വാർഡുതല സാനിട്ടേഷൻ കമ്മിറ്റി ചെയർമാൻ/കൺവീനർമാർക്ക് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിൽ താഴെ സൂചിപ്പിക്കുന്ന 18 വാർഡുകളിൽ 10,000/-രൂപ വീതം നൽകിയിട്ടുണ്ടെങ്കിലും തുകകളുടെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം/ പേര് | ചെക്ക് നം. തീയതി | തുക കൈപ്പറ്റിയ ആളിന്റെ വിവരം |
|---|---|---|---|
| 1 | I – ഇടത്തറ | 0005868/16.08.2017 | റോസമ്മ ജോർജ്ജ്, ജെ.പി.എച്ച്.എൻ |
| 2 | II- നടുമുരുപ്പ് | 0005868/16.08.2017 | റോസമ്മ ജോർജ്ജ്, ജെ.പി.എച്ച്.എൻ |
| 3 | VII- നെടുംപറമ്പ് | 0005868/16.08.2017 | കൃഷ്ണരാജൻ, ജെ.പി.എച്ച്.എൻ |
| 4 | VIII-നടുക്കുന്ന് നോർത്ത് | 005868/16.08.2017 | റോസമ്മ ജോർജ്ജ്(ജെ.പി.എച്ച്.എൻ) |
| 5 | IX- നടുക്കുന്ന് | 0005868/16.08.2017 | റോസമ്മ ജോർജ്ജ്, ജെ.പി.എച്ച്.എൻ |
| 6 | X-ഠൗൺ സൗത്ത് | 0005868/16.08.2017 | നാരായണി, ജെ.പി.എച്ച്.എൻ |
| 7 | XI- മഞ്ചള്ളൂർ | 0005868/16.08.2017 | പൗർണ്ണമി.ജെ.ദാസ് |
| 8 | XII-കാരംമൂട് | 0005868/16.08.2017 | ഷാനിമാ, ജെ.പി.എച്ച്.എൻ |
| 9 | XIII-മൂലക്കടവ് | 0005868/16.08.2017 | സീബാ.എസ്, ജെ.പി.എച്ച്.എൻ |
| 10 | XIV- കുണ്ടയം | 0005868/16.08.2017 | ഷാനിമാ, ജെ.പി.എച്ച്.എൻ |
| 11 | XV-മാർക്കറ്റ് വാർഡ് | 0005868/16.08.2017 | സുധ.റ്റി.കെ-ജെ.പി.എച്ച്.എൻ |
| 12 | XVI- കല്ലുംകടവ് | 0005868/16.08.2017 | സജി ജേക്കബ്, ജെ.പി.എച്ച്.എൻ |
| 13 | XVII-ഠൗൺ സൗത്ത് | 0005868/16.08.2017 | നാരായണി, ജെ.പി.എച്ച്.എൻ |
| 14 | XVIII- ഠൗൺ വാർഡ് | 0005868/16.08.2017 | സുധ.റ്റി.കെ, ജെ.പി.എച്ച്.എൻ |
| 15 | XIX-പാതിരിക്കൽ വാർഡ് | 0005868/16.08.2017 | കൃഷ്ണരാജൻ, ജെ.പി.എച്ച്.എൻ |

വാർഡ് III-മുതൽ VI വരെ മാങ്കോട് പി.എച്ച്.സി.ക്ക് നൽകിയ തുകയുടെ ചെലവ് വിവരങ്ങൾ മാത്രമേ ഓഡിറ്റിന്ഹാജരാക്കിയിട്ടുള്ളു. മറ്റ് വാർഡുകളിൽ തുക നൽകിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച വാർഡുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.11/22-09-2018 പ്രകാരം ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കുകയോ മം ആയതിനാൽ മേൽ സൂചിപ്പിച്ച 150,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-16 കുടിവെള്ളക്കരമിനത്തിൽ 33,884 രൂപകുടിശ്ശികയും 569 രൂപ പലിശയിനത്തിലും അടവാക്കാൻ ശേഷിക്കുന്നു.

കുടിവെള്ളടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 14,875/-രൂപ നിരക്കിൽ 2017-2018 സാമ്പത്തിക വർഷം 1,78,500/-രൂപ സ്ഥാപനം വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ 2018 ഫെബ്രുവരിമാസത്തെ 23441ാം നമ്പർ ഡിമാന്റ് നോട്ടീസ് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| A | Closing Balance as on 31 January2018 | 33,884.00 |
| B | Fine | 5,69.00 |
| C | Demand for the month | 14,965.00 |
| D | Other charges | 0.00 |
| Amount Payable (A+B+C+D) | | 49,418.00 |

ഡിമാന്റ് നോട്ടീസ് പ്രകാരം പഞ്ചായത്തിൽ 34 ടാപ്പുകളാണുള്ളത്. ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച് കെ.എസ്.എ.കെ.എൽ.എം. പി11/1253/2017ാം നമ്പർ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വാട്ടർ അതോറിറ്റി 2016-2017 വർഷവും 34 ടാപ്പുകളുടെ വെള്ളക്കരം ഡിമാന്റ് ചെയ്തതിൽ 32 ടാപ്പുകളുടെ തുകയേ അടവാക്കേണ്ടതുണ്ടായിരുന്നുള്ളൂ (ഖണ്ഡിക 3-14) എന്നും 2 എണ്ണം ടാപ്പുകളുടെ ചാർജ്ജ് കുടിശ്ശികയായി പിഴപലിശ ഉൾപ്പെടെ ഡിമാന്റ് ചെയ്യുന്നു എന്നും അതിന്മേൽ നടപടി എടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് അധികൃതർ നടപടി സ്വീകരിക്കുന്നതിനു പകരം 34 ടാപ്പുകളുടെ തുകയായ 14875.00 രൂപ അടവാക്കുകയാണുണ്ടായത് 2016-2017ൽ അടയ്ക്കാതിരുന്ന 2 ടാപ്പുകളുടെ വാട്ടർ ചാർജ്ജ് തുക കുടിശ്ശികതുകയും പിഴ പലിശയുമായിയാണ് 2017-2018ൽ കുടിശ്ശികതുകയായി കാണിച്ചിരിക്കുന്നത്. പഞ്ചായത്ത് പരിധിയിൽ എത്ര കുടിവെള്ള ടാപ്പുകളാണുള്ളത് എന്നതിനുള്ള യാതൊരു രേഖകളും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റിയുമായിചേർന്ന് സംയുക്തപരിശോധന നടത്തി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

ആയതിനാൽ ഉപയോഗശൂന്യമായ കുടിവെള്ള ടാപ്പുകൾക്ക് സ്ഥാപനം തുക അടവാക്കുന്നുണ്ടോയെന്ന് അറിയുവാൻ കഴിയുന്നില്ല.

ജി. ഒ (ആർ.ടി) 2242/2011 തസ്വഭവ തീ.28.9.11-ാം നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് കുടിവെള്ള ടാപ്പുകളുടെ സംയുക്തപരിശോധന നടത്തുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുകയും അധികമായി അടച്ച തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-17 പാലിയേറ്റീവ് കെയർ – മരുന്നും ഉപകരണങ്ങളും ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതി നമ്പർ | എസ്.197/2018 |
| അടങ്കൽ | |
| വികസന ഫണ്ട് | 4,00,000/- |
| തനത്ഫണ്ട് | 2,00,000/- |
| | 6,00,000/- |
| ചെലവ് | ബിൽ നമ്പർ 06/21.10.2018<br>2,00,000/-രൂപ |

പാലിയേറ്റീവ് കെയർ പദ്ധതിയിൽ മരുന്നും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനായി കെ.എം.എസ്.സി.എല്ലിന്റെ 1403-ാം നമ്പർ പ്രൊഫോർമാ ഇൻവോയ്സ് പ്രകാരം 2,00,000/- രൂപ നൽകിയിട്ടുണ്ട്. അത് ലഭ്യമായതിനെ സംബന്ധിക്കുന്ന രേഖകൾ ഹജരാക്കുന്നത് ഓഡിറ്റിന് ഹാജരാക്കാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ എൻക്വയറിക്ക്(നം. 12/22.09.2018) 27,012 രൂപയുള്ള മരുന്നുകളും ഉപകരണങ്ങളും ലഭിക്കാനുണ്ട് എന്നും ലഭ്യമായ മരുന്നുകളും ഉപകരണങ്ങളും സ്റ്റോക്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും എന്ന മറുപടി നൽകി. എന്നാൽ 172988 രൂപയ്ക്ക് ലഭ്യമായ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ലഭ്യമായ എല്ലാ മരുന്നുകളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-18 രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു

2017-2018 വർഷ പരിശോധനയിൽ ചുവടെ ചേർക്കുന്ന ഇനത്തിൽ ചെലവഴിച്ച തുകയുടെ രേഖകൾ ഹാജരാക്കാത്തതിനാൽ തുകകൾ തടസ്സപ്പെടുത്തുന്നു.വിനിയോഗ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | ഇനം | വൗച്ചർ നമ്പർയ തീയതി | തുക(രൂപ) | കാരണം |
|---|---|---|---|---|
| 1 | അഡ്വ. എൻ വാസുവിന് അപ്പീൽ നമ്പർ 470/2016, 672/2016, എന്നീ കേസുകളുടെ നടത്തിപ്പിനായും 702/2017 ാം നമ്പർ അപ്പീൽ കേസിന് അഡ്വാൻസായും നൽകിയ തുക | 21701723/21.10.2017 | 25,000/- | കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല, അഡ്വാൻസായി നൽകിയ തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല |

## 3-19 മാലിന്യ സംസ്കരണത്തിന് മാതൃകയാകേണ്ട പദ്ധതി ഉപേക്ഷിച്ച നിലയിൽ, സാനിട്ടേഷൻ സൊസൈറ്റി ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ ശിശുമന്ദിരത്തിന് മുകളിൽ

2017-2018 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മാലിന്യ ശേഖരണവും പ്ലാസ്റ്റിക് വേർതിരിക്കലും സാനിട്ടേഷൻ സൊസൈറ്റിക്ക് തുക നൽകൽ (പദ്ധതി നമ്പർ- 202/2018) എന്ന പദ്ധതി പ്രകാരം ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങളാണ് നാളിതുവരെയും സംസ്കരിക്കാതെ മാങ്കോട് ശിശുമന്ദിരത്തിന് മുകളിൽ കൂട്ടിയിട്ടിരിക്കുന്നത്. (ചിത്രം കാണുക)

കുടുംബശ്രീ സി.ഡി.എസ്സിന്റെ ആഭിമുഖ്യത്തിൽ സാനിട്ടേഷൻ സൊസൈറ്റി രൂപീകരിച്ച് രജിസ്റ്റർ ചെയ്ത് പഞ്ചായത്ത് അതിർത്തിക്കുള്ളിലെ ജൈവ-അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ജൈവമാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റ്, എയ്റോബിക് ബിൻ എന്നിവയിൽ

നിക്ഷേപിക്കുകയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് ചാക്കിൽ നിറച്ച് റിക്കവറി ഫെസിലിറ്റി സെന്ററിൽ സൂക്ഷിക്കുകയും ആയത് പ്ലാസ്റ്റിക് യൂണിറ്റിലേക്ക് കൈമാറുകയും ചെയ്യുന്നു, അങ്ങനെ ഗ്രാമ പഞ്ചായത്ത് മാലിന്യ മുക്തമാകുന്നു എന്ന ലക്ഷ്യങ്ങളോടെയാണ് പഞ്ചായത്ത് മേൽ പദ്ധതി വിഭാവനം ചെയ്തത്. തനത് ഫണ്ടിൽ നിന്നും 5,40,000/-രൂപ വകയിരുത്തി നാളിതുവരെ 3,58,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2017 ഒക്ടോബറിൽ ആരംഭിച്ച് 2018 ഒക്ടോബറിൽ അവസാനിക്കുന്ന രീതിയിൽ സാനിട്ടേഷൻ സൊസൈറ്റിയുമായി കരാറിൽ ഏർപ്പെട്ടു. സാനിട്ടേഷൻ സൊസൈറ്റിയുമായി ഏർപ്പെട്ട കരാറിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

1.തൊഴിലാളികൾക്കായി നിശ്ചയിച്ചിട്ടുള്ള കൂലി 2017 ഒക്ടോബറിൽ ആരംഭിച്ച് 2018 ഒക്ടോബറിൽ അവസാനിക്കുന്ന രീതിയിൽ ഒരു വർഷത്തേക്ക് സെക്രട്ടറി സൊസറ്റിയുടെ സാനിട്ടേഷൻ പ്രസിഡന്റ്, സൊസൈറ്റി കാഷ്യർ എന്നിവരുടെ അക്കൗണ്ടിൽ 12 തവണകളായി നിക്ഷേപിക്കേണ്ടതാണ്.

2.ഓരോ ദിവസത്തെ മാലിന്യങ്ങളും അതാത് ദിവസം തരംതിരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.

3.ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ എം.ആർ.എഫ് കേന്ദ്രങ്ങളിലെ ചാക്കുകളിൽ സൂക്ഷിക്കേണ്ടതാണ്.

2.ഓരോ ദിവസത്തെ മാലിന്യങ്ങളും അതാത് ദിവസം തരംതിരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.

3.ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ എം.ആർ.എഫ് കേന്ദ്രങ്ങളിലെ ചാക്കുകളിൽ സൂക്ഷിക്കേണ്ടതാണ്.

4.ഖരമാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിച്ച് വളമാക്കി സൂക്ഷിക്കേണ്ടചുമതല സൊസൈറ്റി ചെയ്യേണ്ടതാണ്.

5.മാലിന്യം ശേഖരിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നും നൽകുന്ന ഫീസ് പിരിച്ച് അടുത്ത മാസം 5-ാം തീയതിക്ക് മുൻപായി ഗ്രാമ പഞ്ചായത്തിൽ ഒടുക്ക് വരുത്തേണ്ടതാണ്.

**പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.**

1.ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ മാങ്കോട് പി.എച്ചിസിക്ക് സമീപമുള്ള ശിശുമന്ദിരത്തിന് മുകളിലെ എം.ആർ.എഫ് കേന്ദ്രത്തിൽ ചാക്കുകളിൽ നിറച്ച് കൂട്ടിയിട്ടിരിക്കുന്നു. 6 മാസമായിട്ടും ഈ പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. മാത്രമല്ല 2018ഒക്ടോബർ 2ാം തീയതി അവസാനിക്കേണ്ടിയിരുന്ന പദ്ധതി നിലവിൽ പ്രവർത്തിക്കുന്നില്ല.

2.ഖരമാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിച്ച് വളമാക്കി സൂക്ഷിക്കേണ്ട ചുമതല സൊസൈറ്റി ചെയ്യേണ്ടതാണ് എന്ന് പദ്ധതിയിൽ വിഭാവന ചെയ്തിരുന്നുവെങ്കിലും അത്തരത്തിൽ വളമായി സൂക്ഷിച്ചതിന്റെയോ വളം വിൽപന നടത്തിയതായോ തൻവർഷത്തെ കാർഷിക പദ്ധതികൾക്കായി വിതരണം ചെയ്തതിന്റേയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

3.മാലിന്യം ശേഖരിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നും ഗ്രാമ പഞ്ചായത്ത് നൽകുന്ന ഫീസ് പിരിച്ച് അടുത്ത മാസം 5-ാം തീയതിക്ക് മുൻപായി ഗ്രാമ പഞ്ചായത്തിൽ ഒടുക്ക് വരുത്തേണ്ടതാണെന്ന് കരാറിലേർപ്പെട്ടെങ്കിലും അത്തരത്തിൽ കളക്ട് ചെയ്ത് പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4.എല്ലാത്തരത്തിലുമുള്ള മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുവാനായാണ് സാനിട്ടേഷൻ സൊസൈറ്റികൾ രൂപീകരിച്ചതെങ്കിലും എല്ലാ വാർഡുകളിൽ നിന്നും ഖരമാലിന്യം നീക്കം ചെയ്യുന്നതിനായി പ്രതിമാസം ക്വട്ടേഷൻ വിളിച്ച് മാലിന്യം നീക്കം ചെയ്ത് വരുന്നു. ഇതിൽ നിന്നും സാനിട്ടേഷൻ സൊസൈറ്റി കരാർ പ്രകാരമുള്ള എല്ലാ മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് പകരം പ്ലാസ്റ്റിക് മാലിന്യങ്ങൾ മാത്രമാണ് നീക്കം ചെയ്തിരുന്നതെന്ന് വ്യക്തമാകുന്നു.

മേൽ പദ്ധതിയുടെ പ്രവർത്തനവിശദാംശങ്ങൾ ആരാഞ്ഞ്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പ്ലാസ്റ്റിക് മാലിന്യം ഷ്രെഡ് ചെയ്യാൻ സൗകര്യ-മില്ലാത്തതിനാലാണ് മാലിന്യം ഇത്തരത്തിൽ മാങ്കോട് പി.എച്ചിസിക്ക് സമീപമുള്ള ശിശുമന്ദിരത്തിന് മുകളിലെ എം.ആർ.എഫ് കേന്ദ്രത്തിൽ ചാക്കുകളിൽ നിറച്ച് സൂക്ഷിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇതിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിന് വ്യക്തമായ മാർഗ്ഗങ്ങളില്ലാതെയാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരുന്നതെന്ന് വ്യക്തമാകുന്നു. കൂടാതെ സാനിട്ടേഷൻ സൊസൈറ്റി അംഗങ്ങൾ സ്ത്രീകളായതിനാലാണ് പഞ്ചായത്തിൽ കെട്ടിക്കിടക്കുന്നതും ഭൂമിയിൽ ഉറച്ച് പോയതും ഓടകളിലും മറ്റുമുള്ള മാലിന്യങ്ങളാണ് ക്വട്ടേഷൻ വിളിച്ച് നീക്കം ചെയ്തിട്ടുള്ളതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ മാലിന്യം നീക്കം ചെയ്യുന്നതിന് മാലിന്യ സംസ്കരണ പ്ലാന്റ് നിലവിലില്ല. വാർഡുകളിൽ നിന്നും നീക്കം ചെയ്യുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് പകരം പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ കുഴിയെടുത്ത് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. അതേസമയംതന്നെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ബയോഗ്യാസ് പ്ലാന്റിന് അറ്റകുറ്റപണികൾ നടത്തുന്നതിനായി 200000/- രൂപ വകയിരുത്തി അംഗീകാരം ലഭിച്ച പദ്ധതി (നമ്പർ എസ്.161/2018) ഉപേക്ഷിക്കുകയും ചെയ്തു. മാതൃകയാകേണ്ടിയിരുന്ന ഈ പദ്ധതി ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും പിഴവുകൾ മൂലം ഉപേക്ഷിച്ച നിലയിലാണ്.

പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾവരുത്തുകയും മാലിന്യം നീക്കം ചെയ്യുന്നതിന് മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിച്ച് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കോള്ളേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 13/22.09.2018.




ശിശുമന്ദിരം



ശിശുമന്ദിരത്തിന് മുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-2018 | 3,99,000/- | ഭിന്ന ശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 3,99,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 3,00,000/- | ഭിന്ന ശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 3,00,000/- | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കൽ | 11/20.10.17 | 1565821 | ഇല്ല | 1565821 |
| | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 180608 | ഇല്ല | 180608 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ ഇ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

### 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 21,40,588 |
| തൻവർഷം നിക്ഷേപിച്ച തുക | 1,77,598 (പലിശ വരവ്) |
| ആകെ | 23,18,186 |
| തൻവർഷം പിൻവലിച്ച തുക | ഇല്ല. |
| വർഷാവസാനം ശേഷിക്കുന്ന സ്ഥിരനിക്ഷേപം | 23,18,186 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | കൊല്ലം ജില്ലാ സഹകരണ ബാങ്ക് | 13.6.2017 | | 6,75,642/- | |
| 2. | കൊല്ലം ജില്ലാ സഹകരണ ബാങ്ക് | 16.6.2017 | | 15,08,627/- | |
| 3. | കൊല്ലം ജില്ലാ സഹകരണ ബാങ്ക് | 16.6.2017 | | 1,32,917/- | |
| 4. | ഓഹരി | | | 1,000/- | |
| | ആകെ | | | 23,18,186/- | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8,494/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3(1) | 8,494/- | ശ്രീ.ദാനശീലൻ, (കൃഷിഓഫീസർ) | 11707010 1467 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

<u>(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

<u>(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

<u>ഓഡിറ്റ് പ്രത്യവലോകനം</u>

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,74,73,600/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,26,72,014/- |
| വരവിനങ്ങളിലുള്ള നഷ്ടം | 1,52,032/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത | ഇല്ല |

| | |
|---|---|
| തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 39,04,992/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,00,000 | ശ്രീമതി.അല്ലി.എസ്, ഐസി.ഡി.എസ്.സൂപ്പർവൈസർ |
| 3-2 | 2,60,000 | ശ്രീ.എസ്.സുരേഷ്കുമാർ, വി.ഇ.ഒ., പത്തനാപുരം. |
| 3-5 | 15,65,821 | ശ്രീ.എം.വിജയൻ, സെക്രട്ടറി |
| 3-7 | 1,22,936 | ശ്രീ.എം.വിജയൻ, സെക്രട്ടറി |
| 3-6 | 2,43,125 | ശ്രീ.എം.വിജയൻ, സെക്രട്ടറി |
| 3-9 | 4,000 | ശ്രീ.ഉമ്മൻ.പി.രാജ്, വെറ്റിനറി സർജൻ |
| 3-8 | 2,40,610 | ശ്രീ.ഉമ്മൻ.പി.രാജ്, വെറ്റിനറി സർജൻ |
| 3-11 | 8,45,000 | ശ്രീ.ഉമ്മൻ.പി.രാജ്, വെറ്റിനറി സർജൻ |
| 3-14 | 3,52,500 | ശ്രീമതി.സരള.പി.ബി., കൃഷി ഓഫീസർ |
| 3-15 | 1,50,000 | ശ്രീ.എം.വിജയൻ, സെക്രട്ടറി |
| 3-18 | 25,000 | ശ്രീ.എം.വിജയൻ, സെക്രട്ടറി. |
| ആകെ | 39,08,992/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

<u>ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>)

ഇല്ല

## (ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.വിജയൻ, സെക്രട്ടറി, പത്തനാപുരം ഗ്രാമ പഞ്ചായത്ത് | ശ്രീ.എം.വിജയൻ, സെക്രട്ടറി, പത്തനാപുരം ഗ്രാമ പഞ്ചായത്ത് | ശ്രീ.എം.വിജയൻ, മണത്തറ വീട്,പടപ്പക്കര പി.ഒ, കുണ്ടറ |
| ശ്രീമതി.അല്ലി.എസ്, ഐസി.ഡി.എസ്.സൂപ്പർവൈസർ | --- | ആരാമം, വില്ലുമംഗലം, മൺറോതുരിത്ത്(പി.ഒ.), കൊല്ലം. |
| ശ്രീ.ഉമ്മൻ.പി.രാജ്, വെറ്റിനറി സർജൻ | --- | റോസ് ഗാർഡൻ, പുലമൺ(പി.ഒ.), കൊട്ടാരക്കര. |
| ശ്രീ.എസ്.സുരേഷ്കുമാർ. വി.ഇ.ഒ., പത്തനാപുരം | ---- | ശിവതീർത്ഥം, ഇളമ്പൽ(പി.ഒ.), പുനലൂർ. |
| ശ്രീമതി.സരള.പി.ബി., കൃഷി ഓഫീസർ | ---- | ശ്രീവിനായകം, പനവേലി(പി.ഒ.), കൊട്ടാരക്കര. |

## 4-10 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-1983 | എൽ.എഫ്.ക്യൂ.പി3/312/1996 | |
| 1998-1999 | കെ.എസ്എ.കെ.എൽ.എം.പി6/426/2018/ 02.03.2018 | 51 (44,48,49വകുപ്പ് തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018/ 02.03.2018 | 2-14 (2(12),2(13), 2-(20)2(21),2(22), |

| | | |
|---|---|---|
| | | 2(23) വകുപ്പ് തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 തീയതി02.03.2018 | 2.6, 2.8, 2.12, 2.13, 2.14 ചെലവ് ഭാഗത്തെ എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു. (2.3, 2.4, 2.7, വകുപ്പ് തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 | 2.3,2.4, 3.1,3.4, 3.10, 3.13 (3.2, 3.8, 3.9, 3.11വകുപ്പ് തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 തീയതി02.03.2018 | 2.2, 2.3, 2-5, 3.3,3.6, 3.7. (2-1 3.10, 3.11വകുപ്പ് തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2003-2004 | കെ.എസ് എ.കെഎൽഎ.പി6/426/2018/ തീയതി02.03.2018 | 2-3,2-4,3-2, 3-4, 3-8, 3-9, 3-10, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-22 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 | 3-3, 3-7, (2-4, 3-4, 3-6, 3-9, 3-10 വകുപ്പ് തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 തീയതി 02.03.2018 | 2.2, 3.3, 3.8, 311.,3.12, 3.13, 3.15, 3.16, 3.183.21 (3.4,3.5,3.14, 3.17, വകുപ്പ് തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2006-2007 | എൽ.എഫ്.ക്യൂ പി6//810/2018 തീയതി 01.02.2011 | എല്ലാ ഖണ്ഡികകളും |
| 2007-2008 | എൽ.എഫ്.ക്യൂ പി6/458/2010തീയതി 18.08.2011 | എല്ലാ ഖണ്ഡികകളും |
| 2008-2009 | എൽ.എഫ്.ക്യൂ പി6/939/2011 തീയതി29.12.2011 | എല്ലാ ഖണ്ഡികകളും |
| 2009-2010 | എൽ.എഫ്.ക്യൂ പി6/1076/2012 തീയതി. 08.04.2013 | എല്ലാ ഖണ്ഡികകളും |
| 2010-2011 | എൽ.എഫ്.ക്യൂ പി6/1913(2)/2014തീയതി 24.10.2014 | എല്ലാ ഖണ്ഡികകളും |
| 2011-2012 & 2012-2013 | എൽ.എഫ്.ക്യൂ.പി6/2422/4.4.2014 | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| 2013-2014 & 2014-2015 | കെ.എസ്.എ.കെ.എൽ.എം.പി6-261/17/14.2.17 | എല്ലാ ഖണ്ഡികകളും |
| 2015-2016 | കെ.എസ്.എ.കെ.എൽ.എം.പി9/357/2018<br>തീയതി 04.08.2018 | എല്ലാ ഖണ്ഡികകളും |
| 2016-2017 | കെ.എസ്.എ.കെ.എൽ.എം.പി9/1253/2017<br>തീയതി 16.05.2018 | എല്ലാ ഖണ്ഡികകളും |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം 2017-18</u>

നം.കെ.എസ്.എ-കെ.എൽ.എം.പി.9-1708/18

കേരള സംസ്ഥാന ഓഡിറ്റ്
വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
പഴയ മുനിസിപ്പൽ ബിൽഡിംഗ്,
ചിന്നക്കട, കൊല്ലം.

പിൻ - 691 001, Ph: 0474 – 2740141

doklm.ksad@kerala.gov.in

തീയതി: 11.12.2018.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.**